പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4140 27.6.2012 ലെ മറുപടിക്ക്

പട്ടികജാതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ. കെ. ലതിക | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) പട്ടികജാതി വകുപ്പ് റോഡുകൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) പ്രത്യേക സാഹചര്യത്തിൽ അനുവദിക്കാറുണ്ട്. SCP, MLA, MP ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയാത്ത റോഡുകളാണ് പരിഗണിക്കുന്നത്. |
| (ബി) എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | ബി) റോഡ് വർക്കുകൾ ശുപാർശ ചെയ്യുന്ന കോളനികളിൽ 51% ൽ അധികം പട്ടികജാതിക്കാർ ഗുണഭോക്താക്കളായി ഉണ്ടായിരിക്കണം. ആവശ്യമായ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, ഗുണഭോക്തൃലിസ്റ്റ്, വ്യക്തമായ സോഷ്യൽമാപ്പ്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് എന്നിവ ആവശ്യമാണ്. |
| (സി) കുറ്റ്യാടി മണ്ഡലത്തിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന അംബേദ്കർ കോളനിയിലേയ്ക്കുള്ള റോഡിന് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ